# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3649 15.05.2017 - ൽ മറുപടിക്ക്**

## ബാലുശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കാലപ്പഴക്കം കൊണ്ട് ഗതാഗത-യോഗ്യമല്ലാതായി തീർന്ന പാലങ്ങൾ പരിശോധിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എന്തെല്ലാമെന്നറിയിക്കാമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. പാലങ്ങളുടെ കാലപ്പഴക്കം പരിശോധിക്കുന്നതിനു വേണ്ടി സംസ്ഥാന തലത്തിൽ ചെന്നൈ ഐ. ഐ. ടി. പ്രൊഫസർ ആയിരുന്ന ഡോ. അരവിന്ദൻ, ചെയർമാനായ ഒരു കമ്മിറ്റിയും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം ചെയർമാനായി ഒരു കമ്മിറ്റിയും രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കേരളത്തിലെ ദേശീയ പാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും ഇൻവെന്ററി സർവ്വേയും പ്രീമൺസൂൺ ' ആന്റ് പോസ്റ്റ് മൺസൂൺ കണ്ടീഷൻ സർവ്വേയും നടത്താൻ എസ്. എൻ. ബോബ് ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടന്റുമായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ സർവ്വേ പ്രകാരം ലഭിച്ച വിവരങ്ങൾ കേന്ദ്ര ഉപരിതല |

ഗതാഗത മന്ത്രാലയത്തിന് കീഴിലുള്ള IBMS (Indian Bridge Management System) എന്ന സംവിധാനത്തിലൂടെ ആവശ്യമായ റേറ്റിംഗ് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പാലങ്ങൾക്ക് ആവശ്യമായ പുനരുദ്ധാരണം, പുതിയ നിർമ്മാണം എന്നിവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാനും കഴിയുന്നതാണ്.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പാലങ്ങളാണ് പുതുക്കി പണിയാനുള്ളത്; ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ വിശദമായ സാങ്കേതിക പഠനം നടത്തേണ്ടത് താഴെ പറയുന്ന പാലങ്ങൾക്കാണ്.

1) മഞ്ഞപ്പാലം
2) തൃക്കുറ്റിശ്ശേരി പാലം
3) കൈതക്കൊല്ലി പാലം
4) തലയോട് പാലം
5) കരിയാത്തൻപാറ പാലം
6) തെച്ചി പാലം
7) കക്കയം അണക്കെട്ടുമായി ബന്ധിപ്പിക്കുന്ന പാലം

ഈ പാലങ്ങളുടെ വിശദമായ പഠനം നടത്തി വരികയാണ്.

(സി) അപകടകരമായ അവസ്ഥയിൽ തുടരുന്ന തൃക്കുറ്റിശ്ശേരി പാലം പുതുക്കി പണിയുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ ആവശ്യമായതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**